## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.99 — 09-06-2014-ൽ മറുപടിക്ക്

### നീരയുടെ ഉല്പാദനവും വിതരണവും

**ചോദ്യം:**

ശ്രീ. എം. വി. ശ്രേയാംസ്കുമാർ:

(എ) സംസ്ഥാനത്ത് 'ദി കേരള സ്വീറ്റ് റ്റോഡി (നീര) റൂൾസ് 2014' എന്ന പുതിയ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) നീരയുടെ ഉല്പാദനവും വിതരണവും വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

**ഉത്തരം:**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ)-യും, (ബി)-യും

14/02/2014-ലെ ജി.ഒ.(പി)27/14/റ്റിഡി. പ്രകാരം 'ദി കേരള സ്വീറ്റ് റ്റോഡി (നീര) റൂൾസ് 2014' പ്രാബല്യത്തിൽ വന്നിട്ടുണ്ട്. അതിൻ പ്രകാരം ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സംസ്ഥാന ബിവറേജസ് (Manufacturing and Marketing) കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി / കമ്മിറ്റി, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, എന്നിവർക്ക് നീരയുടേയും അതിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും ഉല്പാദനത്തിനും വിതരണത്തിനും അനുമതി നൽകിയിട്ടുണ്ട്.

(സി) നീരയുടെ ഉല്പാദനവും വിതരണവും വർദ്ധിപ്പിക്കുന്നതിനായി കൃഷി-എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച് കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളികേര നീര ബോർഡ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ആഫീസർ